MR. SREE V. DAS : எந்தக் கிருஷிகர்களிடமிருந்து இரண்டு ரூபாய்க்கு நெல் எடுக்கிறீர்களோ அவர்களுக്കே மீண்டும் அதே நெல்லை மூன்று ரூപായ்க്കു കൊടുക്കിறீர்களே ?

HONBLE MR. A. THANU PILLAI : അതു സങ്കടകരമാണെന്ന് തോന്നിയതുകൊണ്ടാണ് കൃഷിക്കാരന്റെ ആവശ്യത്തിനുള്ളതു പോയിട്ടു മിച്ചമുള്ളതുമാത്രം എടുക്കുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞത്. ഒരു കാര്യംകൂടി ആലോചിക്കാനുണ്ട്. കൃഷിക്കാരനാത്രമല്ലല്ലോ മൂന്നു രൂപായ്ക്ക കൊടുക്കുന്നതു ; മറ്റുള്ളവരും മൂന്നു രൂപായ്ക്കാണല്ലോ വാങ്ങുന്നതു്. എന്തായാലും അതിനെക്കുറിച്ചും ആലോചിക്കുന്നതാണ്.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും ഞാൻ നേരത്തെ പ്രസ്താവിച്ചതുപോലെ ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിലേക്ക് ഒരു മെമ്പറെ തിരഞ്ഞെടുക്കുന്നതിന് 6 മിനിട്ടു കഴിഞ്ഞു വീണ്ടും കൂടുന്നതുമാണ്.

(The House adjourned at 4. 40. and re-assembled at 4. 45 P. M)

Election of a member to the Constituent Assembly of India announcement of result.

MR. PRESIDENT : ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പിന് ഒരു നാമനിർദ്ദേശം മാത്രമേ കിട്ടിയിട്ടുള്ളൂ. അതു് മി. ആർ. ശങ്കറിനെയാണ്. ഈ നാമനിർദ്ദേശം സാധുവാണെന്നും കാണുന്നു. അതുകൊണ്ടു് മി. ആർ. ശങ്കറിനെ തിരഞ്ഞെടുത്തിരിക്കുന്നതായി പ്രഖ്യാപിച്ചുകൊള്ളുന്നു.

നിയമസഭയുടെ ഈ സെഷൻ ഇപ്പോൾ അവസാനിപ്പിച്ചിരിക്കുന്നു.

The session was prorogued at 4. 45. P. M.

R. KERALAVARMA THIRUMULPAD,
Ag. Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly